# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 19.09.2024** **TIME : 12.50 PM**

### പ്രധാന വാർത്തകൾ

1. **ശുചിത്വത്തിലൂടെ മാത്രമാണ് രാജ്യത്തെ വികസിതവും ആരോഗ്യകരവും ആക്കി മാറ്റാൻ സാധിക്കുന്നതെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.**

   **Cleanliness only will make the country healthy and developed, says President Droupadi Murmu**

2. **ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ് തീരുമാനം ഇന്ത്യൻ ജനാധിപത്യത്തെ ചടുലവും, പ്രാതിനിധ്യപരവുമാക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.**

   **Prime Minister Narendra Modi says, Cabinet decision on One Nation One Election will make Indian democracy more vibrant and participative.**

3. **എംപോക്സ്, നിപ രോഗബാധ സ്ഥിരീകരിച്ച മലപ്പുറത്ത് പ്രതിരോധ നടപടികൾ ഊർജ്ജിതമാക്കി ആരോഗ്യവകുപ്പ്.**

   **Kerala Health department intensified preventive measures in Malappuram district the wake of M-pox and Nipah cases**

4. **ജമ്മു കാശ്മീരിൽ ഒന്നാം ഘട്ടം നിയമസഭാ തിരഞ്ഞെടുപ്പിൽ 61 ശതമാനത്തിൻറെ റെക്കോഡ് പോളിംഗ്. ബിജെപി**

പ്രചാരണത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ജമ്മു കശ്മീരിലെത്തും.

**Over 61 percent polling recorded in first phase of assembly elections in Jammu and Kashmir.  Prime Minister Narendra Modi will address two election rallies in Jammu and Kashmir today.**

5. **ബംഗ്ലാദേശിനെതിരായ ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യയുടെ ബാറ്റിങ്ങ് പുരോഗമിക്കുന്നു.**

**The first Cricket match in India-Bangladesh test series gets underway in Chennai**

6. **ISL ഫുട്ബോളിൽ ഇന്ന് ബംഗ്ളൂരു FC - ഹൈദരാബാദ് FC യെ നേരിടും.**

**In ISL football, Bengaluru FC will take on Hyderabad today.**

**$$$$$$$$$$$$$$$$$$$$$$$$$**

## HEADLINE-1

**President – INTRO**

സ്വച്ഛതാ അഭിയാൻ കഴിഞ്ഞ 10 വർഷത്തിനിടെ ദേശവ്യാപക യജ്ഞമായി മാറിക്കഴിഞ്ഞതായി രാഷ്ട്രപതി ദ്രൗപദി മുർമു. ശുചിത്വത്തിലൂടെ മാത്രമേ രാജ്യത്തെ വികസിതവും ആരോഗ്യകരവും ആക്കി മാറ്റാൻ സാധിക്കൂ എന്നും ശ്രീമതി മുർമു പറഞ്ഞു. മധ്യപ്രദേശിലെ ഉജ്ജയിനിൽ സഫായി മിത്ര സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. സ്വച്ഛതാ അഭിയാനിലൂടെ രാജ്യത്ത് അഭൂതപൂർവ്വമായ മാറ്റം കൊണ്ടുവരാൻ സാധിച്ചതായും ശ്രീമതി മുർമു പറഞ്ഞു. 2025 വരെ നീളുന്ന സ്വച്ഛ് ഭാരത് ദൗത്യത്തിന്റെ രണ്ടാം ഘട്ടത്തിൽ സമ്പൂർണ ശുചിത്വം എന്ന ലക്ഷ്യം നേടാൻ സാധിക്കണമെന്നും രാഷ്ട്രപതി ചൂണ്ടിക്കാട്ടി.

(VOICE)

ചടങ്ങിൽ 5 ശുചീകരണ തൊഴിലാളികളെ രാഷ്ട്രപതി ആദരിച്ചു. ഉജ്ജയ്ൻ - ഇൻഡോർ ആറ് വരി പാതയുടെ വെർച്വൽ ഭൂമി പൂജയിലും ശ്രീമതി മുർമു പങ്കെടുത്തു. ഗവർണർ മാംഗുഭായ് പട്ടേൽ, മുഖ്യമന്ത്രി മോഹൻ യാദവ്

തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. മധ്യപ്രദേശ് സന്ദർശനം പൂർത്തിയാക്കി രാഷ്ട്രപതി ഇന്ന് വൈകുന്നേരം ഝാർഖണ്ഡിലെത്തും. റാഞ്ചിയിൽ ഐ.സി.എ.ആർ ശതാബ്ദി സമ്മേളനത്തെ ശ്രീമതി മുർമു നാളെ അഭിസംബോധന ചെയ്യും.

$$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-2

### ON OE

ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ് സംബന്ധിച്ച കേന്ദ്രമന്ത്രിസഭാ തീരുമാനം ഇന്ത്യൻ ജനാധിപത്യത്തെ കൂടുതൽ ചടുലവും, പ്രാതിനിധ്യപരവുമാക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്നലെ ചേർന്ന മന്ത്രിസഭാ യോഗമാണ് ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഉന്നതതല സമിതി ശുപാർശകൾക്ക് അംഗീകാരം നൽകിയത്. സമിതിക്ക് നേതൃത്വം നൽകിയ മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദിനെ പ്രധാനമന്ത്രി അഭിനന്ദിച്ചു. രാജ്യത്ത് രണ്ട് ഘട്ടങ്ങളായി തിരഞ്ഞെടുപ്പുകൾ നടത്താനാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. ആദ്യഘട്ടത്തിൽ ലോക്സഭാ, നിയമസഭാ തിരഞ്ഞെടുപ്പുകൾ ഒരുമിച്ച് നടത്തും. പൊതു തിരഞ്ഞെടുപ്പ് നടന്ന് 100 ദിവസത്തിനകം പഞ്ചായത്ത് തിരഞ്ഞെടുപ്പുകളും നടത്തും. ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ് തീരുമാനം നിർണായകമായ തിരഞ്ഞെടുപ്പ് പരിഷ്കരണ നടപടിയാണെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പ്രതികരിച്ചു. തിരഞ്ഞെടുപ്പുകളെ സുതാര്യവും, സാമ്പത്തികക്ഷമവും ആക്കുന്നതിനുള്ള പ്രധാനമന്ത്രിയുടെ ലക്ഷ്യത്തിൻറെ പ്രതിഫലനമാണിതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. അതേസമയം വിവിധ പ്രതിപക്ഷ പാർട്ടികൾ തീരുമാനം രാജ്യത്തിൻറെ ഫെഡറൽ ഘടനയെ ബാധിക്കുമെന്ന വിമർശനവുമായി രംഗത്ത് വന്നിട്ടുണ്ട്.

$$$$$$$$$$$$$$$$$$$$$$$$$$

### JPC meeting

വക്കഫ് ഭേദഗതി ബിൽ 2024 സംബന്ധിച്ച് സംയുക്ത പാർലമെൻററി സമിതി യോഗം ന്യൂഡൽഹിയിൽ ആരംഭിച്ചു. പാർലമെൻ്റ് മന്ദിരത്തിൽ, ഇന്നും നാളെയുമായി നടക്കുന്ന യോഗത്തിൽ, ന്യൂനപക്ഷ മന്ത്രാലയ പ്രതിനിധികളും, വിദഗ്ധരും അഭിപ്രായങ്ങൾ രേഖപ്പെടുത്തും. സംയുക്ത പാർലമെൻററി സമിതിയുടെ ശുപാർശകൾ പാർലമെൻറിൻറെ ശൈത്യകാല സമ്മേളനത്തിൻറെ ആദ്യ ആഴ്ചയിൽ സമർപ്പിക്കാനാണ് നിർദ്ദേശം

. കഴിഞ്ഞ സമ്മേളനത്തിൽ കേന്ദ്ര മന്ത്രി കിരൺ റിജിജുവാണ് ലോക്സഭയിൽ വഖഫ് ഭേദഗതി ബിൽ അവതരിപ്പിച്ചത്. ബിൽ, കൂടുതൽ ചർച്ചകൾക്കായി സംയുക്ത പാർലമെന്ററി സമിതിക്ക് വിടുകയായിരുന്നു.

$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-4

### J K LG– PHASE –I TURNOUT

ജമ്മു കാശ്മീരിൽ ഇന്നലെ നടന്ന ഒന്നാം ഘട്ടം നിയമസഭാ തിരഞ്ഞെടുപ്പിൽ 61 ശതമാനത്തിൻറെ റെക്കോഡ് പോളിംഗ്. കഴിഞ്ഞ 35 വർഷത്തിനിടയിലെ ഏറ്റവും ഉയർന്ന പോളിംഗാണ് രേഖപ്പെടുത്തിയതെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കി. 80.14 ശതമാനം പേർ വോട്ട് ചെയ്ത കിഷ്ത്വാർ ജില്ലയിലാണ് ഏറ്റവും കൂടുതൽ പോളിങ് രേഖപ്പെടുത്തിയത് . 71.34 ശതമാനം പോളിങ് രേഖപ്പെടുത്തിയ ദോഡ ജില്ലയാണ് രണ്ടാം സ്ഥാനത്ത്. പുൽവാമ, ഷോപിയാൻ, കുൽഗാം, കിഷ്ത്വാർ, അനന്ത്നാഗ്, റംബാൻ, ദോഡ എന്നീ ഏഴ് ജില്ലകളിലെ 24 നിയമസഭാ മണ്ഡലങ്ങളിലാണ് ഇന്നലെ വോട്ടെടുപ്പ് നടന്നത്. പൊതുവേ സമാധാനപരമായിരുന്നു വോട്ടെടുപ്പ്. ഉയർന്ന പോളിംഗ് ശതമാനം രേഖപ്പെടുത്തിയതിൽ, ജമ്മു കശ്മീർ ലെഫ്റ്റനൻ്റ് ഗവർണർ മനോജ് സിൻഹ വോട്ടർമാരെ അഭിനന്ദിച്ചു.

മൂന്ന് ഘട്ടങ്ങളിലായി തിരഞ്ഞെടുപ്പ് നടക്കുന്ന ജമ്മു കശ്മീരിൽ അടുത്ത രണ്ട് ഘട്ടങ്ങൾക്കായുള്ള പ്രചാരണം ഊർജ്ജിതമാണ്. പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്രമോദി ഇന്ന് ശ്രീനഗറിലും, കത്രയിലും തിരഞ്ഞെടുപ്പ് റാലികളെ അഭിസംബോധന ചെയ്യും.

$$$$$$$$$$$$$$$$$$$$$$$$$

### I B SWACHHATA

സ്വച്ഛത ഹി സേവാ പരിപാടിയുടെ ഭാഗമായി 'ഏക് പേട് മാ കേ നാം' വൃക്ഷത്തൈ നടീൽ പ്രചാരണം ഊർജ്ജിതമാക്കി കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം. ഇത് വരെ, മന്ത്രാലയത്തിൻ്റെ വിവിധ ഫീൽഡ് ഓഫീസുകൾ വഴി 7000 വൃക്ഷത്തൈകൾ നട്ടു. കേരളത്തിലും, സ്വച്ഛതാ ഹി സേവ പരിപാടിയുടെ ഭാഗമായി ശുചീകരണ പ്രവർത്തനങ്ങൾ സജീവമാണ്. വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിൻറെ ഫീൽഡ്

ഓഫീസുകൾ സ്വച്ഛതാ അഭിയാൻറെ ഭാഗമായി അടുത്തമാസം 2 മുതൽ 31 വരെ സംഘടിപ്പിക്കുന്ന പ്രത്യേക ക്യാമ്പയിനിലും ഭാഗമാവും. ശുചിത്വം ഉറപ്പാക്കാനുള്ള മികച്ച മാർഗങ്ങൾ, മാധ്യമങ്ങളിലൂടെയുള്ള ബോധവത്കരണം, കാര്യക്ഷമമായ സ്ഥല ഉപയോഗം തുടങ്ങിയവ ഇതിന്റെ ഭാഗമായി നടപ്പാക്കും. ഒരുക്കങ്ങളുടെ പുരോഗതി വാർത്താവിതരണ സെക്രട്ടറി സഞ്ജയ് ജാജുവിൻറെ നേതൃത്വത്തിൽ അവലോകനം ചെയ്തിരുന്നു.

$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-3

**M POX**

സംസ്ഥാനത്ത് എംപോക്സ് സ്ഥിരീകരിച്ച സാഹചര്യത്തിൽ ജാഗ്രത ശക്തമാക്കി ആരോഗ്യവകുപ്പ്. മറ്റ് രാജ്യങ്ങളിൽ നിന്ന് എത്തുന്നവർ ഉൾപ്പെടെ, രോഗലക്ഷണമുണ്ടെങ്കിൽ ചികിത്സ തേടണമെന്നും, ആരോഗ്യവകുപ്പിനെ വിവരം അറിയിക്കണമെന്നും നിർദേശിച്ചിട്ടുണ്ട്. രോഗം ബാധിച്ച വ്യക്തിയുമായി മുഖാമുഖം വരിക, നേരിട്ട് തൊലിപ്പുറത്ത് സ്പർശിക്കുക, ലൈംഗിക ബന്ധം, കിടക്ക, വസ്ത്രം എന്നിവ സ്പർശിക്കുക, സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതിരിക്കുക, തുടങ്ങിയവയിലൂടെയാണ് എംപോക്സ് പകരുന്നത്. വായുവിലൂടെ പകരുന്ന ഒരു രോഗമല്ല ഇത്.

$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-3A

**NIPHA**

മലപ്പുറത്ത് നിപ പ്രതിരോധ നടപടികൾ തുടരുന്നു. മരിച്ച യുവാവിന്റെ അടുത്ത ബന്ധുക്കളുടേത് ഉൾപ്പടെ ഇന്നലെ 10 പേരുടെ പരിശോധനാ ഫലങ്ങൾ കൂടി നെഗറ്റീവായിരുന്നു. ആരോഗ്യമന്ത്രിയുടെ നേതൃത്വത്തിൽ മലപ്പുറത്ത് ഇന്നും അവലോകന യോഗം ചേരും. .

$$$$$$$$$$$$$$$$$$$$$$$$$

## AK SASEENDRAN

എൻ സി പി ദേശീയ അധ്യക്ഷൻ ശരത് പവാറുമായി നാളെ മുംബൈയിൽ കൂടിക്കാഴ്ച നടത്തുമെന്ന് മന്ത്രി എ കെ ശശീന്ദ്രൻ. കേരളത്തിൽ നിന്ന് പി സി ചാക്കോയും , തോമസ് കെ തോമസും ചർച്ചയിൽ പങ്കെടുക്കുമെന്നും മന്ത്രി കൊച്ചിയിൽ മാധ്യമങ്ങളോട് അറിയിച്ചു. മന്ത്രി സ്ഥാനം സംബന്ധിച്ച് ചർച്ചയുണ്ടാകുമോ എന്ന ചോദ്യത്തിന്, പാർട്ടിയിൽ അത്തരം പ്രതിസന്ധികൾ ഒന്നുമില്ലെന്നും അദ്ദേഹം പ്രതികരിച്ചു.

**$$$$$$$$$$$$$$$$$$$$$$$$$**

## RAJIV CHANDRASEKHARAN

മലയാളി യുവതിയായ ചാർട്ടേർഡ് അക്കൗണ്ടൻറ് പൂനെയിൽ മരിക്കാനിടയായ സംഭവത്തിൽ അന്വേഷണമുണ്ടാകുമെന്ന് കേന്ദ്ര തൊഴിൽ വകുപ്പ് സഹമന്ത്രി ശോഭ കരന്തലജെ ഉറപ്പ് നൽകിയതായി മുൻ കേന്ദ്രമന്ത്രി രാജീവ് ചന്ദ്രശേഖർ.

യുവതിയുടെ മരണം സംബന്ധിച്ച് തൊഴിൽ വകുപ്പ് അന്വേഷണം നടത്തണമെന്ന ശ്രീ രാജീവ് ചന്ദ്രശേഖറിൻ്റെ ആവശ്യത്തോട് എക്സിലൂടെയാണ് മന്ത്രി പ്രതികരിച്ചത്.

**$$$$$$$$$$$$$$$$$$$$$$$$$**

## ARIYIL SHUKOOR

എം എസ് എഫ് പ്രവർത്തകനായിരുന്ന അരിയിൽ ഷുക്കൂറിന്റെ വധവുമായി ബന്ധപ്പെട്ട് സിപിഎം നേതാക്കളായ പി ജയരാജൻ, ടി വി രാജേഷ് എന്നിവർ സമർപ്പിച്ച വിടുതൽ ഹർജി കൊച്ചിയിലെ സിബിഐ പ്രത്യേക കോടതി തള്ളി. ഗൂഢാലോചന നടന്നതിൽ ഇരുവരുടെയും പങ്ക് തെളിയിക്കുന്ന ഫോൺ രേഖകളും, സാക്ഷി മൊഴികളും, സാഹചര്യ തെളിവുകളും ഉണ്ടെന്ന ഷുക്കൂറിന്റെ മാതാവിൻറെ വാദം കൂടി കണക്കിലെടുത്താണ് കോടതി നടപടി.

**$$$$$$$$$$$$$$$$$$$$$$$$$**

## WATER AUTHORITY

സ്മാർട്ട് സിറ്റി പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ആൽത്തറ- മേട്ടുക്കട റോഡിൽ സ്ഥാപിച്ചിട്ടുള്ള പുതിയ ലൈനുകൾ ചാർജ് ചെയ്യുകയും പഴയ ബ്രാഞ്ച് ലൈനുകൾ പുതിയ പൈപ്പ് ലൈനുമായി കണക്ട് ചെയ്യുകയും ചെയ്യുന്ന ജോലികൾ നടക്കുന്നതിനാൽ ഈ മാസം 24 ന് രാവിലെ 10 മണി മുതൽ രാത്രി 12 മണി വരെ പ്രദേശത്ത് ജലവിതരണം തടസ്സപ്പെടും. വഴുതക്കാട്, ഉദാരശിരോമണി റോഡ്, പാലോട്ടുകോണം, സി എസ് എം നഗർ, ശിശുവിഹാർ ലൈൻ, കോട്ടൺഹിൽ, ഇടപ്പഴിഞ്ഞി, കെ. അനിരുദ്ധൻ റോഡ്, ഇറക്കം റോഡ്, മേട്ടുക്കട, വലിയശാല, തൈക്കാട്, എന്നീ പ്രദേശങ്ങളിലാണ് ജലവിതരണം തടസ്സപ്പെടുക. ഉപഭോക്താക്കൾ വേണ്ട മുൻകരുതൽ സ്വീകരിക്കണമെന്ന് വാട്ടർ അതോറിറ്റി അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-5

**INDIA VS BANGLADESH TEST**

ഇന്ത്യാ- ബംഗ്ലാദേശ് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം ചെന്നൈ ചിദംബരം സ്റ്റേഡിയത്തിൽ പുരോഗമിക്കുന്നു . ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇന്ത്യ 4 വിക്കറ്റ് നഷ്ടത്തിൽ 116 റൺസ് നേടിയിട്ടുണ്ട്. ടോസ് നേടിയ ബംഗ്ലാദേശ് ഫീൽഡിംഗ് തിരഞ്ഞെടുക്കുകയായിരുന്നു.

$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-6

**ISL**

ISL ഫുട്ബോളിൽ ഇന്ന് ബംഗ്ളുരു ഹൈദെരാബാദിനെ നേരിടും. രാത്രി ഏഴരയ്ക്ക് ബംഗളുരുവിലാണ് മത്സരം .

$$$$$$$$$$$$$$$$$$$$$$$$$

**CANADA-STUDENT PERMIT**

വിദേശരാജ്യങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ എണ്ണം വീണ്ടും കുറയ്ക്കാനൊരുങ്ങി കാനഡ. 2025 ൽ സ്റ്റഡി പെർമിറ്റുകളിൽ 10 ശതമാനം കുറവ് വരുത്തുമെന്ന് കനേഡിയൻ ഇമിഗ്രേഷൻ വിഭാഗം അറിയിച്ചു. നിലവിലെ 4 ലക്ഷത്തി 85,000 പെർമിറ്റുകൾ, നാല് ലക്ഷത്തി 37,000

ആക്കിയാണ് ചുരുക്കുന്നത്. 2024 ലും സ്റ്റഡി പെർമിറ്റുകളിൽ കാനഡ 35 ശതമാനത്തിൻറെ കുറവ് വരുത്തിയിരുന്നു.

$$$$$$$$$$$$$$$$$$$$$$$$$

$$$$$$$$$$$$$$$$$$$$$$$$$

$$$$$$$$$$$$$$$$$$$$$$$$$